# റെയിൽവേ സമയപ്പട്ടിക; പാലക്കാട് ഡിവിഷന് ഏഴ് പുതിയ തീവണ

**പാലക്കാട്:** ജൂലായ് ഒന്നുമുതൽ പ്രാബല്യത്തിൽ വരുന്ന റെയിൽവേ സമയപ്പട്ടികപ്രകാരം പാലക്കാട് ഡിവിഷനിൽ ഏഴ് പുതിയ തീവണ്ടികൾ ഓടിത്തുടങ്ങും. ഇവയിൽ ചില തീവണ്ടികൾ പരീക്ഷണാടിസ്ഥാനത്തിൽ ഇപ്പോൾ ഓടുന്നവയാണ്.

യശ്വന്ത്പുർ-മംഗലാപുരം പ്രതിവാര എക്സ്പ്രസ്, ആഴ്ചയിൽ രണ്ടുതവണയോടുന്ന ലോകമാന്യതിലക്-കൊച്ചുവേളി സൂപ്പർഫാസ്റ്റ് എക്സ്പ്രസ്, മഡ്ഗാവ്-മംഗലാപുരം പ്രതിദിന സൂപ്പർഫാസ്റ്റ് ഇൻറർസിറ്റി എക്സ്പ്രസ്, ആഴ്ചയിൽ രണ്ടുനാളോടുന്ന കച്ചേഗുഡ-മംഗലാപുരം എക്സ്പ്രസ്, വിശാഖപട്ടണം-കൊല്ലം പ്രതിവാര എക്സ്പ്രസ്, തിരുവനന്തപുരം-നിസാമുദ്ദീൻ പ്രതിവാര സൂപ്പർഫാസ്റ്റ് എക്സ്പ്രസ്, കോഴിക്കോട്-തൃശ്ശൂർ പ്രതിദിന പാസഞ്ചർ എന്നിവയാണ് പുതിയ തീവണ്ടികൾ.

പാലക്കാട് ഡിവിഷനിലെ നാല് തീവണ്ടികളുടെ സർവീസ്ദൂരം കൂട്ടിയിട്ടുണ്ട്. ഗുവാഹട്ടി-എറണാകുളം പ്രതിവാര എക്സ്പ്രസ് തിരുവനന്തപുരംവരെ നീട്ടി. മംഗലാപുരം സെൻട്രൽ-തിരുച്ചിറപ്പള്ളി പ്രതിവാര എക്സ്പ്രസ് പോണ്ടിച്ചേരിവരെയും തിരുവനന്തപുരം-കോഴിക്കോട് ജനശതാബ്ദി എക്സ്പ്രസ് കണ്ണൂർവരെയും നീട്ടി. എറണാകുളം-തൃശ്ശൂർ മെമു പാലക്കാട്ടേക്കും നീട്ടിയിട്ടുണ്ട്. നിലവിൽ ഈ വണ്ടി സർവീസ് നടത്തുന്നുണ്ട്.

മൂന്ന് തീവണ്ടികളുടെ സർവീസുകളുടെ എണ്ണം കൂട്ടി. കൊച്ചുവേളി-ചണ്ഡിഗഢ് എക്സ്പ്രസ് ഇനിമുതൽ ആഴ്ചയിൽ രണ്ടുദിവസമുണ്ടാകും. ബാംഗ്ലൂർ-കൊച്ചുവേളി എക്സ്പ്രസ് ആഴ്ചയിൽ ആറുദിവസം സർവീസ് നടത്തും. 16316/16315 നമ്പർ തീവണ്ടി സപ്തംബർ നാലുമുതൽ ദിനംപ്രതി സർവീസ് നടത്തും. അന്നുമുതൽ 16322/16321 നമ്പർ തിരുവനന്തപുരം-ബാംഗ്ലൂർ പ്രതിവാര എക്സ്പ്രസ് തീവണ്ടി സർവീസ് ഉണ്ടാകില്ല.

പുതുതായി ആരംഭിക്കുന്ന 16565/16566 നമ്പർ യശ്വന്ത്പുർ-മംഗലാപുരം പ്രതിവാര എക്സ്പ്രസ് തീവണ്ടി ഞായറാഴ്ചകളിൽ രാത്രി 11.45ന് യശ്വന്ത്പുരിൽനിന്ന് പുറപ്പെട്ട് തിങ്കളാഴ്ച വൈകിട്ട് 5.40ന് മംഗലാപുരം സെൻട്രലിലെത്തും.

തിങ്കളാഴ്ച രാത്രി 8ന് മംഗലാപുരത്തുനിന്ന് പുറപ്പെട്ട് പിറ്റേന്ന് ഉച്ചയ്ക്ക് 12.30ന് യശ്വന്ത്പുരിലെത്തും. പാലക്കാട്, ഷൊറണൂർ, തിരൂർ, കോഴിക്കോട്, വടകര, തലശ്ശേരി, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിൽ സ്റ്റോപ്പുണ്ട്.

ആഴ്ചയിൽ രണ്ടുദിവസമോടുന്ന 22113/22114 നമ്പർ ലോകമാന്യതിലക്-കൊച്ചുവേളി സൂപ്പർഫാസ്റ്റ് എക്സ്പ്രസ് ചൊവ്വ, ശനി ദിവസങ്ങളിൽ വൈകിട്ട് 4.55ന് ലോകമാന്യതിലകിൽനിന്ന് പുറപ്പെട്ട് ബുധൻ, ഞായർ ദിവസങ്ങളിൽ രാത്രി 8.30ന് കൊച്ചുവേളിയിലെത്തും. വ്യാഴം, തിങ്കൾ ദിവസങ്ങളിൽ പുലർച്ചെ 12.35ന് കൊച്ചുവേളിയിൽനിന്ന് പുറപ്പെട്ട് വെള്ളി, ചൊവ്വ ദിവസങ്ങളിൽ രാവിലെ 4.10ന് ലോകമാന്യതിലകിലെത്തും.

ഷൊറണൂർ, തിരൂർ, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, കാസർകോട്, മംഗലാപുരം ജങ്ഷൻ എന്നിവിടങ്ങളിൽ സ്റ്റോപ്പുണ്ട്.

22635/22636 നമ്പർ മഡ്ഗാവ്-മംഗലാപുരം പ്രതിദിന സൂപ്പർഫാസ്റ്റ് ഇൻറർസിറ്റി എക്സ്പ്രസ് തീവണ്ടി മഗ്ഗാവിൽനിന്ന് വൈകിട്ട് 4.15ന് പുറപ്പെട്ട് രാത്രി 10ന് മംഗലാപുരത്തെത്തും. രാവിലെ 8.15ന് മംഗലാപുരത്തുനിന്ന് പുറപ്പെട്ട് ഉച്ചകഴിഞ്ഞ് രണ്ടിന് മഡ്ഗാവിലെത്തും. പാലക്കാട് ഡിവിഷനിൽ ഈ തീവണ്ടിക്ക് സ്റ്റോപ്പില്ല.

ആഴ്ചയിൽ രണ്ടുദിവസമോടുന്ന 17605/17606 നമ്പർ കച്ചേഗുഡ-മംഗലാപുരം എക്സ്പ്രസ് തീവണ്ടി ചൊവ്വ, വെള്ളി ദിവസങ്ങളിൽ കച്ചേഗുഡയിൽനിന്ന് രാവിലെ 6ന് പുറപ്പെട്ട് ബുധൻ, ശനി ദിവസങ്ങളിൽ 11.20ന് മംഗലാപുരത്തെത്തും. ബുധൻ, ശനി ദിവസങ്ങളിൽ മംഗലാപുരത്തുനിന്ന് രാത്രി 8ന് പുറപ്പെട്ട് വെള്ളി, തിങ്കൾ ദിവസങ്ങളിൽ രാവിലെ 3.30ന് കച്ചേഗുഡയിലെത്തും. പാലക്കാട്, ഷൊറണൂർ, തിരൂർ, കോഴിക്കോട്, വടകര, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ, കാഞ്ഞങ്ങാട്, കാസർകോട് എന്നിവിടങ്ങളിൽ സ്റ്റോപ്പുണ്ട്.

18567/18568 നമ്പർ വിശാഖപട്ടണം-കൊല്ലം പ്രതിവാര എക്സ്പ്രസ് വ്യാഴാഴ്ചകളിൽ രാവിലെ 9ന് വിശാഖപട്ടണത്തുനിന്ന് പുറപ്പെട്ട് വെള്ളിയാഴ്ച രാത്രി 6ന് കൊല്ലത്തെത്തും. വെള്ളിയാഴ്ചകളിൽ രാത്രി 9ന് പുറപ്പെട്ട് ഞായറാഴ്ച രാവിലെ രണ്ടിന് വിശാഖപട്ടണത്തെത്തും. പാലക്കാട് ഡിവിഷനിൽ പാലക്കാട് ജങ്ഷനിൽമാത്രമാണ് നിർത്തുക.

22633/22634 നമ്പർ തിരുവനന്തപുരം-നിസാമുദ്ദീൻ പ്രതിവാര
ബുധനാഴ്ചകളിൽ ഉച്ച
ത്തുനിന്ന് പുറപ്പെട്ട്
ഞ്ഞ് 2.20ന് നിസാമു
നിൽനിന്ന് വെള്ളിയാ
റപ്പെട്ട് തിങ്കളാഴ്ച രാവി
രത്തെത്തും. ഷൊറ
ണ്ണൂർ, കാസർകോട്,
ന്നിവിടങ്ങളിൽ സ്റ്റേ
നമ്പർ കോഴിക്കോട്
ഞ്ചർ രാവിലെ 7.40ന
പ്പെട്ട് 10.55ന് തൃശ്ശൂരി
തൃശ്ശൂരിൽനിന്ന് പുറ
ക്കോട്ടെത്തും. എല്ലാ

## ആഴ്ചയിൽ ഒരു
## മെമു തീ

**66607/**66606 നമ്പർ
ടൗൺ മെമു പാസഞ്ച
കോയമ്പത്തൂർ-ഷൊ
എന്നിവ ഞായറാഴ്ചക